പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/382/2025-A2** **തീയതി : 26.08.2025**

ഭരണഭാഷ – മാതൃഭാഷ

## എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2025-26

## മത്സര പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു.

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (OBC) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര/യോഗ്യത പരീക്ഷാ പരിശീലനങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ് സർവ്വീസ്, GATE/MAT, UGC-NET/JRF - തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് വിവിധ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**അവസാന തീയതി: 30.09.2025**

മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ് സർവീസ്, GATE/MAT, UGC-NET/JRF തുടങ്ങിയ മത്സര പരീക്ഷകൾക്കായി പരിശീലനം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് പട്ടികപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള എംപാനൽഡ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. (സ്ഥാപനങ്ങളുടെ പട്ടിക ഇ- ഗ്രാന്റ്സ് അപേക്ഷയിൽ Drop-Down ലിസ്റ്റിൽ ലഭ്യമാണ്-അനുബന്ധം-1 )

## അപേക്ഷകർക്കുള്ള പൊതു നിർദേശങ്ങൾ

1. അപേക്ഷകർ കേരളീയരായിരിക്കണം.
2. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായ പട്ടികയിൽ (ഒ.ബി.സി./ഒ.ഇ.സി/ഒ.ബി.സി-എച്ച്/എസ്.ഇ.ബി.സി) ഉൾപ്പെട്ട സമുദായാംഗം ആയിരിക്കണം. (അനുബന്ധം 2)

3. കുടുംബ വാർഷിക വരുമാന പരിധി ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ് | 2 ലക്ഷം രൂപ |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം രൂപ |
| GATE/MAT, UGC-NET/JRF | 2.5 ലക്ഷം രൂപ |

4. Online/Sunday/Holiday/Evening Batch/Short term batch (6 മാസത്തിൽ കുറഞ്ഞ കോഴ്സ് ദൈർഘ്യം) നടത്തുന്നവർ അപേക്ഷിക്കേണ്ടതില്ല.

5. ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും പരിശീലനം നടത്തുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.

6. മുൻവർഷങ്ങളിൽ അപേക്ഷ സമർപ്പിക്കുകയും ആനുകൂല്യം ലഭ്യമാകാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക്/ഉദ്യോഗാർത്ഥികൾക്ക് മറ്റു മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7. ധനസഹായത്തിന്റെ നിരക്ക്

| പരിശീലന ഇനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് | ₹20000/- | 1000x10=10000 | ₹30,000/- |
| സിവിൽ സർവ്വീസ് | ₹15000/- | | ₹25,000/- |
| ബാങ്കിങ് സർവ്വീസ് | ₹10000/- | | ₹20,000/- |
| GATE/MAT, UGC-NET/JRF | ₹15000/- | | ₹25,000/- |

8. അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം ലഭ്യമാകണമെന്നില്ല. അപേക്ഷകരുടെ എണ്ണം, ടി പദ്ധതി പ്രകാരം ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ കൂടുതലായാൽ, യോഗ്യതാപരീക്ഷയിലെ ഉയർ ന്ന മാർക്കും, മാർക്ക് തുല്യമായാൽ കുറഞ്ഞ കുടുംബ വാർഷികവരുമാനവും അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.

9. വകുപ്പ് മുഖേന ധനസഹായം ലഭ്യമായി പരിശീലനം നേടുന്ന ഉദ്യോഗാർത്ഥികൾ പദ്ധതിയുടെ യഥാർത്ഥ ഫലപ്രാപ്തി വിലയിരുത്തുന്നതിലേക്കായി ഓരോ

ഗുണഭോക്താവിന്റെയും ധനസഹായത്തിൽ നിന്നും 10% തുക റിസൽട്ട് പ്രഖ്യാപിച്ചതിന് ശേഷം, പരീക്ഷാ ഫലമോ ഹാൾ ടിക്കറ്റോ ഇഗ്രാന്റ്സ് പോർട്ടലിൽ അപ്-ലോഡ് ചെയ്യുന്ന മുറയ്ക്ക് മാത്രം അനുവദിക്കുന്നതാണ്. വകുപ്പിൽ നിന്നും അറിയിപ്പ് ലഭ്യമാക്കിയതിന് ശേഷം Hall Ticket, മറ്റ് അനുബന്ധ രേഖകൾ എന്നിവ Upload ചെയ്താൽ മതിയാകും.

10. പരീക്ഷാഫലം എന്തായിരുന്നാലും അത് ശേഷിക്കുന്ന ആനുകൂല്യം ലഭ്യമാകുന്നതിന് ഒരു തടസ്സമല്ല.

11. വിധവകളുടെ മക്കൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരകരോഗം ബാധിച്ച മാതാപിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ആകെ ഗുണഭോക്താക്കളുടെ 10% ൽ കൂടാത്ത തരത്തിൽ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിയ്ക്കുന്നതാണ്. പ്രത്യേക പരിഗണനയ്ക്ക് അർഹതയുള്ളവർ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ അക്കാര്യം അവകാശപ്പെടേണ്ടതാണ്. (Opt. Yes, for Special Consideration option), പിന്നീട് ഇത് സംബന്ധിച്ച അപേക്ഷകൾ പരിഗണിക്കുന്നതല്ല.

12. അപേക്ഷയിൽ സ്വന്തം ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

13. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഇ-ഡിസ്ട്രിക്ട് മുഖേന ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പരും, സെക്യൂരിറ്റി കോഡും ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. വാർഷിക വരുമാനം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.

14. ഒരാൾക്ക് ഒരു വർഷം ഒരു കോഴ്സിനു മാത്രമേ ആനുകൂല്യം അനുവദിക്കൂ. ഒരു തവണ ആനുകൂല്യം ലഭിച്ചവർക്ക് അതേ പരിശീലനത്തിന് തുടർന്ന് അനുവദിക്കുന്നതല്ല.

15. ന്യൂനപക്ഷ ക്ഷേമ വകുപ്പ്, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ തുടങ്ങിയ സർക്കാർ വകുപ്പുകൾ/ഏജൻസികളിൽ നിന്നോ, കേന്ദ്രസാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിൽ നിന്നോ സൌജന്യ പരിശീലനം/ധനസഹായം ലഭ്യമാകുന്നവർ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതില്ല.

16. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ നിർബന്ധമായും അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. രക്ഷിതാവിന്റെയോ, മറ്റുള്ളവരുടെയോ പേരിലുള്ള അക്കൌണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. രേഖപ്പെടുത്തുന്ന അക്കൌണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കേണ്ടതാണ്. അക്കൌണ്ട് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുന്നത് മൂലം തുക ലഭ്യമാകാതെ വന്നാൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് ഇക്കാര്യത്തിൽ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

17. ഓരോ മത്സര പരീക്ഷയ്ക്കുമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും പ്രായപരിധിയും ഈ പദ്ധതിയ്ക്കും ബാധകമായിരിക്കും.

18. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രധാന മാനദണ്ഡം യോഗ്യതാ പരീക്ഷയിലെ മാർക്ക് ആയതിനാൽ അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് മാർക്ക് ലിസ്റ്റ്/കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ആണ് upload ചെയ്യേണ്ടത്, മറിച്ച് സർട്ടിഫിക്കറ്റ് അല്ല. കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് അപ്-ലോഡ് ചെയ്യാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**19.** മാർക്ക് ശതമാനമില്ലാതെ CGPA/ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള മാർക്ക് ലിസ്റ്റുകളിൽ ആയത് ശതമാനത്തിലേക്ക് മാറ്റുന്നതിനുള്ള രീതി വ്യക്തമാക്കിയിട്ടുള്ള പേജ് കൂടി സ്കാൻ ചെയ്ത് അപ്-ലോഡ് ചെയ്യേണ്ടതാണ്.

**20.** ജാതി തെളിയിക്കുന്ന രേഖ (നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി/തത്തുല്യ സാക്ഷ്യപത്രം), വരുമാന സർട്ടിഫിക്കറ്റ്, ഓൺലൈനിൽ രേഖപ്പെടുത്തിയിരിക്കുന്ന മാർക്ക് ശതമാനം തെളിയിക്കുന്ന Mark List/Consolidated Mark List, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് ആധാർ എന്നിവയും വിധവകളുടെ മക്കൾ/മാതാപിതാക്കൾ നഷ്ടപ്പെട്ടവർ/ മാരക രോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ/ ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ആയത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇ-ഗ്രാന്റ്സിൽ upload ചെയ്യേണ്ടതാണ്. അപേക്ഷാഫാറത്തിന്റെ പ്രിൻ്റ് ഔട്ട്, അനുബന്ധ രേഖകൾ എന്നിവ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ലഭ്യമാക്കേണ്ടതില്ല.

<u>മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം</u>

**21.** മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം.

**22.** നിലവിൽ ഹയർ സെക്കന്ററി കോഴ്സിന് പഠിച്ചു കൊണ്ടിരിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ (2022-23, 2023-24, 2024-25) ഹയർ സെക്കന്ററി പരീക്ഷയിൽ 95% മോ അതിലധികമോ മാർക്കോടെ വിജയിച്ചിരിക്കണം. പ്രത്യേക പരിഗണനാ വിഭാഗത്തിന് 80% മാർക്ക് മതിയാകും.

**23.** <u>2023-24, 2024-25 എന്നീ അധ്യയന വർഷങ്ങളിൽ പ്ലസ്-ടു പരീക്ഷകൾ പാസായവർ അപേക്ഷ സമർപ്പിക്കുമ്പോൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ മാർക്ക് ലിസ്റ്റോ സർട്ടിഫിക്കറ്റോ അപ്-ലോഡ് ചെയ്യുന്നതിന് പകരം അധ്യയന വർഷം തെരഞ്ഞെടുത്ത് പരീക്ഷാ രജിസ്റ്റർ നമ്പർ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും.</u>

**24.** 2022-23 അധ്യയന വർഷം പ്ലസ്-ടു പരീക്ഷ പാസായവർ അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് പ്ലസ്-ടു സർട്ടിഫിക്കറ്റ് Upload ചെയ്യേണ്ടതാണ്.

<u>സിവിൽ സർവ്വീസ് പരിശീലനം</u>

**25.** സർക്കാർ നിയന്ത്രിത സിവിൽ സർവ്വീസ് അക്കാദമികളിൽ പ്രവേശനം നേടിയിട്ടുള്ള അപേക്ഷകർക്ക് മുൻഗണന നൽകുന്നതാണ്.

**26.** പരിശീലനത്തിന്റെ ഭാഗമായി സിവിൽ സർവ്വീസ് അക്കാദമി മുഖേന മറ്റെന്തെങ്കിലും ആനുകൂല്യം/സ്കോളർഷിപ്പ് ലഭ്യമാകുന്നവർ ഈ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതില്ല.

**27.** ബിരുദ കോഴ്സ് പാസായതിന്റെ മാർക്ക് ലിസ്റ്റാണ് അപ്-ലോഡ് ചെയ്യേണ്ടത്.

ബാങ്കിംങ് സർവ്വീസ്, **UGC-NET/JRF** പരിശീലനം

**28.** ബാങ്കിങ് സർവ്വീസിന് ബിരുദ കോഴ്സുകളുടേയും, **UGC-NET/JRF** എന്നിവയ്ക്ക് ബിരുദാനന്തര ബിരുദ കോഴ്സുകളുടേയും മാർക്ക് ലിസ്റ്റാണ് അപ്‌ലോഡ് ചെയ്യേണ്ടത്.

സ്ഥാപനങ്ങൾക്കുള്ള നിർദേശങ്ങൾ

1. വിദ്യാർത്ഥികൾ / ഉദ്യോഗാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ സ്ഥാപനത്തിന് നൽകിയിട്ടുള്ള ഇ-ഗ്രാന്റ്സ് ലോഗിനിൽ ലഭ്യമാകുന്നതാണ്.
2. സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഇ-ഗ്രാന്റ്സ് യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി **15.10.2025** നകം ഫോർവേഡ്/റിജക്ട്/റിവേർട്ട് ചെയ്യേണ്ടതാണ്. റിവേർട്ട് ചെയ്യുന്ന പക്ഷം പ്രസ്തുത അപേക്ഷ ന്യൂനത പരിഹരിച്ച് സമയോചിതമായി സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
3. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ സ്ഥാപനവുമായി ബന്ധപ്പെട്ടവ പൂർണമായും ശരിയാണെന്ന് ഉറപ്പാക്കുന്ന അപേക്ഷകൾ ഫോർവേഡ് ചെയ്യേണ്ടതും, ന്യൂനതയുള്ള അപേക്ഷകൾ ആയത് പരിഹരിച്ചു ലഭ്യമാക്കുന്നതിനായി റിവേർട്ട് ചെയ്യേണ്ടതും, നിലവിൽ സ്ഥാപനത്തിൽ പരിശീലനം നടത്താത്തവരുടേയും **Sunday/Holiday/6** മാസത്തിൽ കുറവ് കാലയളവുള്ള കോഴ്സുകൾ/**Online** പരിശീലനം തുടങ്ങിയവയ്ക്കു പഠിക്കുന്നവരുടേയും അപേക്ഷകൾ റിജക്ട് ചെയ്യേണ്ടതുമാണ്.
4. കോഴ്സ് ഫീസ്, ഒടുക്കിയ ഫീസ്, കോഴ്സ് കാലയളവ്, ഹാജർ, കോഴ്സിന്റെ തരം എന്നി വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഗുണഭോക്താക്കൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. ആയതിനാൽ പ്രസ്തുത വിവരങ്ങളുടെ സൂഷ്മപരിശോധനയിൽ സ്ഥാപനം വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്. ടി വിവരങ്ങൾ സ്ഥാപനത്തിന് ആവശ്യമെങ്കിൽ എഡിറ്റ് ചെയ്യാവുന്നതാണ്. തുടർന്ന് വിവരങ്ങൾ സാക്ഷ്യപ്പെടുത്തി എന്റർ ചെയ്യേണ്ടതുമാണ്.
5. അപേക്ഷകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ നൽകുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.
6. ലഭ്യമായ അപേക്ഷകൾ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളെ എംപാനൽമെൻറ് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
7. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച് ആവശ്യപ്പെടുന്ന പക്ഷം ഹാജർ പുസ്തകം, ഫീസ് ഒടുക്കിയ വിവരങ്ങൾ, പ്രവേശന രജിസ്റ്റർ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഈ പദ്ധതി സംബന്ധിച്ച് തുടർന്നുള്ള എല്ലാ അറിയിപ്പുകളും **www.bcdd.kerala.gov.in**, **www.egrantz.kerala.gov.in** എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുടെ ഫോൺ നമ്പറുകളിലോ, ഇ-മെയിൽ ബന്ധപ്പെടാവുന്നതാണ്.

| സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | ബന്ധപ്പെട്ട ഓഫീസ് |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | കൊല്ലം മേഖലാ ഓഫീസ്<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ഫോൺ : 0474-2914417<br>ഇ-മെയിൽ : bcddklm@gmail.com |
| ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം | എറണാകുളം മേഖലാ ഓഫീസ്<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ഫോൺ : 0484-2983130<br>ഇ-മെയിൽ: bcdderanakulam@gmail.com |
| തൃശ്ശൂർ, പാലക്കാട്, മലപ്പുറം | പാലക്കാട് മേഖലാ ഓഫീസ്<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ഫോൺ : 0492-2222335<br>ഇ-മെയിൽ: bcddpkd@gmail.com |
| വയനാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് | കോഴിക്കോട് മേഖലാ ഓഫീസ്<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ഫോൺ : 0495 2377786<br>ഇ മെയിൽ : calicutbcdd@gmail.com |

(ഒപ്പ്)
ഡയറക്ടർ

എംപാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്ക്

പകർപ്പ്:

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
3. രജിസ്ട്രാർ, സി-ഡിറ്റ് - ഇ-ഗ്രാന്റ്സിൽ വേണ്ട ക്രമീകരണങ്ങൾക്കായി
4. മാനേജർ, ഐ.റ്റി വിഭാഗം, പി.വി.വി.വ
5. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, പി.വി.വി.വ
6. നോട്ടീസ് ബോർഡ്, കരുതൽ, അധികം

അംഗീകാരത്തോടെ

Signed by
Rophin K R
Date: 26-08-2025 21:46:43

സീനിയർ സൂപ്രണ്ട്